ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ. എ.മുരളീധരൻ)**

തിരുവനന്തപുരം

നമ്പർ. 27526/2018/ഇ 6/ഡിപി തീയതി. 18.07.2019

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - വയനാട് ഗവൺമെന്റ് പ്രസ്സിലെ പ്രവർത്തന ക്രമീകരണാർത്ഥമുള്ള നിയമനം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 22.01.2019, 12.04.2019 തീയതികളിലെ 27526/18/ഇ 6/ഡിപി നമ്പർ ഉത്തരവ്.

2. വയനാട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 18.06.2019-ലെ 242/19/ജനറൽ നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ഗവൺമെന്റ് പ്രസ്സിൽ അടിയന്തിരമായി ചെയ്തു തീർക്കേണ്ടുന്ന ഹയർ - സെക്കണ്ടറി പരീക്ഷാ ഉത്തരക്കടലാസുകളുടെ ബൈന്റിംഗ് ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനായി ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് ബൈന്റർമാരായ ശ്രീമതി.എൻ.വി.ശൈലജ, ശ്രീ.എ.ആനന്ദൻ എന്നിവരെ വയനാട് ഗവൺമെന്റ് പ്രസ്സിൽ പ്രവർത്തന ക്രമീകരണാർത്ഥം നിയമിച്ച് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

വയനാട് ഗവൺമെന്റ് പ്രസ്സിലെ ദൈനംദിന ജോലികൾക്ക് പുറമേ വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രി, സുൽത്താൻബത്തേരി ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്നിവയുടെ വിവിധ ഫാറങ്ങളും രജിസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്യേണ്ടതിനാൽ പ്രവർത്തന ക്രമീകരണാർത്ഥം നിയമനം നൽകിയ ജീവനക്കാരുടെ സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ടിയാൾക്കാരുടെ പ്രവർത്തന ക്രമീകരണാർത്ഥമുള്ള നിയമനം 22.06.2019 മുതൽ മൂന്ന് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. പരാമർശത്തിൽ സൂചിപ്പിച്ച ജോലികൾ ഈ കാലയളവിനുള്ളിൽ തീർക്കേണ്ടതും പ്രസ്തുത തീയതിക്കുശേഷം ഇനിയൊരു ഉത്തരവിന് കാത്ത് നിൽക്കാതെ അവരെ മാതൃസ്ഥാപനത്തിലേയ്ക്ക് തിരിച്ചയയ്ക്കേണ്ടതുമാണ്.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്.

പകർപ്പ്:- ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ./വയനാട്.
സീനിയർ സൂപ്രണ്ട്./ജൂനിയർ സൂപ്രണ്ട്.ഇ II/വെബ്സൈറ്റ്.
ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.